ICPS4(B)/17137/16

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി:06/10/2017

## <u>സർക്കുലർ</u>

വിഷയം:- സാമൂഹ്യ നീതി വകുപ്പ് -ICPS- ജില്ലാ ജുവനൈൽ ജസ്റ്റിസ് ബോർഡിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിലെ സർക്കുലർ നമ്പർ ICPS4(B)/7413/16 തീയതി:27/10/2016

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ പങ്കെടുക്കുന്ന മജിസ്ട്രേറ്റ്, പബ്ലിക്ക് പ്രോസിക്യൂട്ടർമാർ, ക്ലർക്ക്, പ്യൂൺ, എന്നിവരുടെ ഹോണറേറിയവും യാത്രാബത്തയും നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ പരിപത്രം മേൽ സൂചന പ്രകാരം നൽകിയിരുന്നു. എന്നാൽ മേൽ പറഞ്ഞ ജീവനക്കാർക്ക് യാത്രാബത്ത യഥാസമയം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മേൽപടി ജീവനക്കാരുടെ അർഹമായ യാത്രാബത്ത യഥാസമയം മാറി നൽകുന്നതിന് ബന്ധപ്പെട്ട അധികാരികൾ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി മേൽ സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്ന സർക്കുലറിന്റെ മാർഗ്ഗ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

ജീവനക്കാരിൽ നിന്നും ലഭിക്കുന്ന TA ബില്ലുകൾ യഥാസമയം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിച്ച് മേലൊപ്പിട്ട് വാങ്ങുവാൻ സ്ഥാപന സൂപ്രണ്ടുമാർ ശ്രദ്ധിക്കേണ്ടതാണ്. ഇടുക്കി ജില്ലയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറാണ് ഈ ചുമതല നിർവഹിക്കേണ്ടത്.

**(PTO)**

സ്ഥാപന സൂപ്രണ്ടുമാർ / ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ സമർപ്പിക്കുന്ന കോടതി ജീവനക്കാരുടെ TA ബില്ലുകൾ 15 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ മേലൊപ്പിട്ട് തിരികെ നൽകാൻ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നും മേലൊപ്പിട്ട് തിരികെ ലഭിക്കുന്ന ബില്ലുകൾ ജെ.ജെ സ്ഥാപന സൂപ്രണ്ട്മാർ / ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയ പട്ടികയും അലോട്ട്മെന്റ്-ന് വേണ്ടിയുള്ള അപേക്ഷയും കൂടി സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

1. ജീവനക്കാരുടെ പേര്
2. തസ്തിക
3. യാത്രാബത്തയുടെ കാലയളവ്
4. അനുവദനീയമായ തുക

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

എല്ലാ ജില്ലാ ജെ ജെ സ്ഥാപന സൂപ്രണ്ട്മാർക്കും

എല്ലാ ജില്ലാ JJB പ്രിൻസിപ്പൽ മജിസ്ട്രേറ്റ്മാർക്കും (ആമുഖ കത്ത് സഹിതം)

പകർപ്പ്:

1.എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

2.അക്കൗണ്ട് (A) സെക്ഷൻ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്

3.പ്രോഗ്രാം മാനേജർ, ഐ.സി.പി.എസ്

4.ICPS 3

5.ICPS 4

6.സ്റ്റോക്ക് ഫയൽ